# ഇന്ത്യയും ഓസ്ട്രിയയും തമ്മിലുള്ള ഫോറിൻ ഓഫീസ് കൺസൽട്ടേഷനുകളുടെ (എഫ്.ഒ.സി.) ഏഴാം റൗണ്ട്

മെയ് 30, 2023

ഇന്ത്യയും ഓസ്ട്രിയയും തമ്മിലുള്ള എഫ്.ഒ.സി.-യുടെ ഏഴാം റൗണ്ട് 2023 മെയ് 30-ന് ന്യൂ ഡൽഹിയിൽ നടന്നു. വിദേശകാര്യ മന്ത്രാലയം സെക്രട്ടറി (പടിഞ്ഞാറ്) ശ്രീ സഞ്ജയ് വർമ, ഫെഡറൽ മിനിസ്ട്രി ഫോർ യൂറോപ്യൻ ആൻഡ് ഇന്റർനാഷണൽ അഫയേഴ്സ്, ഓസ്ട്രിയയുടെ നയതന്ത്ര മേധാവി ഗ്രിഗർ കോസ്‌ലർ എന്നിവർ സഹ-അധ്യക്ഷരായി.

2. നമ്മുടെ അയൽപക്കങ്ങളിലെ സംഭവവികാസങ്ങൾ, യൂറോപ്യൻ യൂണിയൻ, ഉക്രെയ്ൻ സംഘർഷം, ഇന്ത്യയുടെ ജി-20 അധ്യക്ഷത, ബഹുമുഖ വേദികളിലെ സഹകരണം, യു.എൻ.എസ്.സി. പരിഷ്കാരങ്ങൾ എന്നിവയുൾപ്പെടെ ഉഭയകക്ഷി ഇടപെടലുകൾ അവലോകനം ചെയ്യുന്നതിനും പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, ആഗോള വിഷയങ്ങളിൽ വീക്ഷണങ്ങൾ കൈമാറുന്നതിനും എഫ്.ഓ.സി. അവസരം നൽകി. വ്യാപാരം, നിക്ഷേപം, പ്രതിരോധം, കോൺസുലർ, കുടിയേറ്റം, നൈപുണ്യ വികസനം, വിദ്യാഭ്യാസം, സാംസ്കാരിക ബന്ധം തുടങ്ങിയ മേഖലകളിലെ ബന്ധം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചും ഇരുപക്ഷവും ചർച്ച ചെയ്തു.

3. ഇരു രാജ്യങ്ങളും തമ്മിലുള്ള കോമ്പ്രെഹെൻസീവ് മൈഗ്രേഷൻ ആൻഡ് മൊബിലിറ്റി എഗ്രിമെന്റ് (സി.എം.എം.പി.എ.) ഒപ്പുവച്ചതിന് തൊട്ടുപിന്നാലെയാണ് ഈ ഇടപെടൽ.

**ന്യൂ ഡൽഹി**

**മെയ് 30, 2023**